ഉത്തരം

(എ) കേരളത്തിലെ നഗരസഭാ കേന്ദ്രങ്ങളിലെ ഖരമാലിന്യം ശാസ്ത്രീയമായി സംസ്കരണം ചെയ്യുന്നതിലേക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനാണ് പ്രാമുഖ്യം നൽകിവരുന്നത്. നഗരസഭകളിൽ മാലിന്യ സംസ്കരണത്തിലേക്കായി പൊതു മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും, പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ടി പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് 27 നഗരസഭകൾക്ക് സാങ്കേതികാനുമതിയും 100 ശതമാനം സർക്കാർ സാമ്പത്തിക സഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്ലാന്റുകൾ നിലവിലില്ലാത്ത ബാക്കി നഗരസഭകളിൽ സ്ഥലം ലഭ്യമാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഖരമാലിന്യ സംസ്കരണത്തിന് അനുയോജ്യമെന്ന് കാണുന്നതും കേരളത്തിലെ സാഹചര്യങ്ങൾക്കിണങ്ങുന്നതുമായ പുതിയ ശാസ്ത്രീയ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇന്ത്യയിലെയും വിദേശ രാജ്യങ്ങളിലെയും മെട്രോ നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ രീതികളിൽ കേരളത്തിന് അനുയോജ്യമായവ സ്വീകരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ജനന രജിസ്ട്രേഷനിലെ തിരുത്തൽ

299 (1724) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനന രജിസ്ട്രേഷനിലെ തെറ്റുകൾ തിരുത്തിക്കിട്ടുന്നതിനും അജ്ഞത കൊണ്ട് യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവരുടെ കാര്യത്തിൽ രജിസ്ട്രേഷൻ നടത്തി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും ഇന്ന് നിലനിൽക്കുന്ന പ്രയാസങ്ങളും അപ്രായോഗിക വ്യവസ്ഥകളും നീക്കിക്കിട്ടുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെയും നൽകിയ നിർദ്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ജനന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ചീഫ് രജിസ്ട്രാർ 7-2-2015-ൽ പുറപ്പെടുവിച്ചിട്ടുള്ള ബി1-4356/15 നമ്പർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സൈറ്റിലും ലഭ്യമാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly